പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം *109 30/01/2018 ൽ മറുപടിയ്ക്ക്

## റീസർവ്വെ സംബന്ധിച്ച പരാതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. അനിൽ അക്കര | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റീസർവ്വെ സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കുമോ; | (എ) റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ ഭൂമി സംബന്ധമായ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് 26/08/2017 ലെ സ.ഉ. (എം.എസ്സ്) 303/2017/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള നടപടിക്രമങ്ങൾ തഹസീൽദാർ (ഭൂരേഖ) യുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ച വരുന്നു. |
| (ബി) ഇത് സംബന്ധിച്ച് കേരള സർവ്വേ ആന്റ് ബൗണ്ടറി റൂൾസിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) ഉണ്ട്. 24/11/2017 ലെ SRO No 772/2017 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം കേരള സർവ്വേ ആന്റ് ബൗണ്ടറി റൂൾസിലെ ലാന്റ് റിക്കാർഡ് മെയിന്റനൻസുമായി ബന്ധപ്പെട്ട് സർവ്വേ സൂപ്രണ്ടിനുണ്ടായിരുന്ന അധികാരം ഹെഡ് സർവ്വേയർക്ക് നൽകി റൂൾ 24, 36, 61 എന്നിവയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (സി) റീസർവ്വേ പൂർത്തിയാക്കിയ 884 വില്ലേജുകളിൽ നിന്നും 2010 ന് ശേഷം ലഭിച്ച പരാതികളിൽ ഇനിയും പരിഹാരം കാണാനുള്ളവയിൽ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) സ്വീകരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ